# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/239/2018 2018 നവംബർ 9

## എം.ജി. വാർത്താക്കുറിപ്പ്

---

**പരീക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (പുതിയ സ്കീം - 2018 അഡ്മിഷൻ റഗുലർ, പഴയ സ്കീം - 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ നാലിന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 14 വരെയും 500 രൂപ പിഴയോടെ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

നാലാം സെമസ്റ്റർ എം.സി.എ. (അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും 2016 അഡ്മിഷൻ റഗുലർ/2011 - 2015 അഡ്മിഷൻ സപ്ലിമെന്ററി, ലാറ്ററൽ എൻട്രി - 2017 അഡ്മിഷൻ റഗുലർ/2013 - 2016 അഡ്മിഷൻ സപ്ലിമെന്ററി, സീപാസിലെ 2016 അഡ്മിഷൻ റഗുലർ/ലാറ്ററൽ എൻട്രി - 2017 അഡ്മിഷൻ റഗുലർ പരീക്ഷകളും പുതിയ സ്കീം - 2017 അഡ്മിഷൻ ലാറ്ററൽ എൻട്രി - സ്പെഷൽ ബാച്ച്) പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 14 വരെയും 1000 രൂപ സൂപ്പർഫൈനോടെ 16 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ (പരമാവധി 200 രൂപ) വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

നാലാം വർഷ ബി.എസ്‌സി. എം.എൽ.ടി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

രണ്ടാം വർഷ ബി.പി.ടി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**പരീക്ഷാഫലം**

2018 മെയിൽ നടന്ന നാലാം വർഷ ബി.എസ്‌സി. നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 24 വരെ അപേക്ഷിക്കാം.

2018 മെയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. മോളിക്കുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23 വരെ അപേക്ഷിക്കാം.

2018 ഫെബ്രുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. മോളിക്യുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23 വരെ അപേക്ഷിക്കാം.

2017 സെപ്റ്റംബറിൽ നടന്ന ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.ബി.എ. (2001 - 2007, 2008 - 2009, 2010 - 2011 അഡ്മിഷൻ) മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 24 വരെ അപേക്ഷിക്കാം.

2018 മാർച്ചിൽ നടന്ന എട്ടാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 24 വരെ അപേക്ഷിക്കാം.

**കടലറിവുകളും ജീവിതവും നേരിട്ടറിഞ്ഞ്**
**വിദ്യാർഥികൾ; 'അമരം' ക്യാമ്പിന് തുടക്കം**

കടലറിവുകളും തീരജീവിതവും നേരിട്ട് മനസിലാക്കാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കി ഗ്രാമീണ പഠന ക്യാമ്പ് 'അമരം 2018'ന് തിരുവനന്തപുരം കരകുളം ഗ്രാമപഞ്ചായത്തിൽ തുടക്കം. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്‌ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനും സംയുക്തമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

ഇതിന്റെ ഭാഗമായി സാമൂഹിക - സാമ്പത്തിക സർവേ, ശ്രമദാനം, തെരുവുനാടകമടക്കമുള്ള സാംസ്കാരിക പരിപാടികൾ, തീരയാത്ര എന്നിവ നടക്കും. കടപ്പുറം വിളയാട്ടുകൾ, ചേലാളിക്കൂട്ടം, കടൽപ്പാട്ടുകൾ, കടൽച്ചേല്യകൾ, കടൽച്ചൊല്ലുകൾ, നാട്ടുചികിത്സാരീതികൾ, കടപ്പുറം ചാപ്പാട്, കരമടിവളപ്പ് തുടങ്ങിയവ കോസ്റ്റൽ സ്റ്റുഡന്റ്സ് കൾച്ചറൽ ഫോറവും ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫും വിദ്യാർഥികൾക്ക് ക്യാമ്പിലൂടെ പരിചയപ്പെടുത്തിക്കൊടുക്കും.

തിരുവനന്തപുരത്തെ പൊഴിയൂർ മുതൽ പെരുംതുറ വരെയുള്ള തീരദേശത്തുകൂടി നടന്ന് തീരപ്രദേശത്തെ ജനങ്ങളുടെ ജീവിതം കണ്ടറിയുന്നതിനായി തീരയാത്രയും ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. 40 ബിരുദാനന്തര ബിരുദ വിദ്യാർഥികളാണ് നവംബർ 12 വരെ നടക്കുന്ന ക്യാമ്പിൽ പങ്കെടുക്കുന്നത്. ഡോ. എം.എച്ച്. ഇല്യാസ്, കെ. എ. മഞ്ജുഷ എന്നിവരാണ് ക്യാമ്പ് നയിക്കുന്നത്.

# എം.ജി. വാർത്താക്കുറിപ്പ് 2

**ബി.എ./ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ**
**പരീക്ഷ: പരീക്ഷാകേന്ദ്രം മാറ്റി**

നവംബർ 14ന് ആരംഭിക്കുന്ന ബി.എ./ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2017 അഡ്മിഷൻ സി.ബി.സി.എസ്. റഗുലർ/2017 വരെയുള്ള അഡ്മിഷൻ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷകൾക്ക് എറണാകുളം സെന്റ് ആൽബർട്ട്സ് കോളജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ ഇരവിപുരം സി.ഇ.റ്റി. കോളജ് ഓഫ് മാനേജ്മെന്റ് സയൻസ് ആൻഡ് ടെക്നോളജിയിൽനിന്ന് ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ